# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2796** **12.03.2018-ൽ മറുപടിയ്ക്ക്**

## നീലവിപ്ലവം

| ചോദ്യം<br>ശ്രീ.റോജി എം. ജോൺ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) നീലവിപ്ലവം പദ്ധതി എന്താണെന്ന് വിശദീകരിക്കാമോ; | എ) ജലകൃഷിയിലൂടെയും മത്സ്യവിഭവ മാനേജ്മെന്റിലൂടെയും ഉൾനാടൻ, സമുദ്ര മേഖലകളിലെ മത്സ്യോത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് നീലവിപ്ലവം. ഈ പദ്ധതിയുടെ കീഴിൽ മത്സ്യകൃഷി വികസനം, കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ, പോസ്റ്റ് ഹാർവസ്റ്റ് ഓപ്പറേഷനുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, മത്സ്യത്തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുന്നു. |
| ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ? | ബി) 2016-17 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 1298.10 ലക്ഷം രൂപ കേന്ദ്രവിഹിതം ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പുതിയ കുളങ്ങളുടെയും ടാങ്കുകളുടെയും നിർമ്മാണം, കായലിലെ കൂട് മത്സ്യകൃഷി, കുളങ്ങളുടെയും ടാങ്കുകളുടെയും നവീകരണം, കടലിലെ കൂട് കൃഷി, റീടെയ്ൽ ഫിഷ് മാർക്കറ്റ്, ഭവന നിർമ്മാണം, പരിശീലന പരിപാടികൾ എന്നീ ഘടക പദ്ധതികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ പദ്ധതികൾ പൂർത്തീകരിച്ചു വരുന്നു.<br><br>2017-18 നീല വിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി കല്ലുമ്മേക്കായ് കൃഷി, ഓരുജല കൂട് കൃഷി, പുനർ പര്യയന മത്സ്യകൃഷി (ആർ.എ.എസ്) വെള്ളക്കെട്ട് പ്രദേശങ്ങളുടെ പുനരുദ്ധാരണം മത്സ്യകൃഷി, ചെമ്മീൻ കൃഷിക്കുള്ള കുളങ്ങളുടെ |

നവീകരണം, ചെമ്മീൻ കൃഷി, കുളം നവീകരിച്ചു കൊണ്ടുള്ള ഗിഫ്റ്റ് തിലാപ്പിയ കൃഷി, കുളം നവീകരിച്ചുകൊണ്ടുള്ള ആസാം വാള കൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 686.6 ലക്ഷം രൂപയുടെ കേന്ദ്ര സഹായം ലഭിക്കുകയും പദ്ധതി നിർവ്വഹണം പുരോഗമിച്ചു വരികയും ചെയ്യുന്നു.

**സെക്ഷൻ ആഫീസർ**